## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നം. **3606**

**20.06.2018-ൽ മറുപടിയ്ക്ക്**

## ആയുർവേദ പഠന ഗവേഷണ കേന്ദ്രം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എസ്. രാജേന്ദ്രൻ<br>ശ്രീമതി. യു. പ്രതിഭ ഹരി<br>ശ്രീ. കെ. ആൻസലൻ | | ശ്രീമതി കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ആയുർവേദ ചികിത്സാമേഖല ശാക്തീകരിക്കുന്നതിനും ഈ രംഗത്തെ ഗവേഷണ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തെ ആയുർവേദ ചികിത്സമേഖല ശാക്തീകരിക്കുന്നതിനും മരുന്നുകൾ സ്റ്റാൻഡഡൈസ് ചെയ്യുന്നതിനും, ആധുനിക ബയോടെക്നോളജിയുമായി ബന്ധപ്പെടുത്തിയ ഗവേഷണങ്ങൾ നടത്തുന്നതിനും കണ്ണൂർ ജില്ലയിൽ "ഇന്റർ നാഷണൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആയുർവേദ" സ്ഥാപിക്കുവാൻ തീരുമാനം ആയിട്ടുണ്ട്. ചികിത്സാ സമ്പ്രദായം പരിപോഷിപ്പിക്കുന്നതിനായി കണ്ണൂർ ആയുർവേദ കോളേജിലെ സ്ത്രീകളുടെയും കുട്ടികളുടെയും പ്രത്യേക ആശുപത്രി തുടങ്ങുന്നതിനുള്ള പ്രവർത്തനങ്ങളും, മാനസിക രോഗത്തിനുള്ള ചികിത്സകൾ ലഭ്യമാക്കുന്നതിനായി കണ്ണൂർ, തൃപ്പൂണിത്തുറ കോളേജിനോട് അനുബന്ധിച്ച് മാനസിക ആരോഗ്യ ആശുപത്രികൾ സ്ഥാപിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. തിരുവനന്തപുരം പൂജപ്പുരയിലെ സ്ത്രീകളുടെയും, കുട്ടികളുടെയും ആശുപത്രിയിൽ ആധുനിക സംവിധാനങ്ങളോടു കൂടിയ ലേബർ റൂം, സർജറി തീയേറ്റർ, എന്നിവ പ്രവർത്തനം ആരംഭിച്ചു. സ്പോർട് സ് താരങ്ങൾക്ക് ആയുർവേദ ചികിത്സയിലൂടെ ചികിത്സ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ തൃശ്ശൂർ ജില്ലയിൽ നിർമ്മിച്ചുകൊണ്ടിരിക്കുന്ന ഏഷ്യയിലെ തന്നെ ആദ്യ സംരംഭമായ സ്പോർട് സ് ആയുർവേദ ആശുപത്രിയുടെ നിർമ്മാണം അവസാനഘട്ടത്തിലാണ്. ആയുർവേദ ചികിത്സാ സമ്പ്രദായം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി വിവിധ ആയുർവേദ കോളേജുകളെ ബന്ധപ്പെടുത്തി ക്കൊണ്ട് ടെലിമെഡിസിൻ & വീഡിയോ കോൺഫറൻസ് ഏർപ്പെടുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| ബി) | ഇതിനായി സംസ്ഥാനത്ത് ഒരു ആയുർവേദ പഠന ഗവേഷണ കേന്ദ്രം സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏതു ഘട്ട-ത്തിലാണെന്ന് വ്യക്തമാക്കാമോ; | (ബി) | ആയുർവേദത്തെ ശാസ്ത്രീയമായി വികസിപ്പിക്കുന്നതിനും മരുന്നുകൾ സ്റ്റാൻഡഡൈസ് ചെയ്യുന്നതിനും, ആധുനിക ബയോ ടെക്നോളജിയുമായി ബന്ധപ്പെടുത്തിയ ഗവേഷണങ്ങൾക്കും ഇന്റർ നാഷണൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആയുർവേദ സ്ഥാപിക്കുവാൻ സർക്കാർ തീരുമാനിക്കുകയും അതിനു വേണ്ട വിവിധ വശങ്ങൾ പഠിച്ച് റിപ്പോർട്ട് നൽകുന്നതിനായി ഒരു എക്സ്പേർട്ട് കമ്മിറ്റിയെ നിയോഗിക്കുകയും ചെയ്തു. നാഷണൽ ആയുഷ് മിഷൻ ഡയറക്ടർ ശ്രീ കേശവേന്ദ്ര കുമാർ ഐ.എ.എസ് - നെ ചെയർമാനായി 11 അംഗ കമ്മിറ്റിയാണ് നിയോഗിക്കപ്പെട്ടത്. IRIA യുടെ ഇംപ്ലിമെന്റിംഗ് ഏജൻസിയായി നാഷണൽ ആയുഷ് മിഷനെ തീരുമാനിച്ചു. IRIA യുടെ ഉദ്ദേശ ലക്ഷ്യങ്ങൾ വിശദമായി ചർച്ച ചെയ്യുന്നതിനും കൂടുതൽ വിപുലമാക്കുന്നതിനും ആശയങ്ങൾ സ്വരൂപിക്കുവാനും എക്സ്പേർട്ട് കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ 2016 മാർച്ചിൽ ഒരു ബ്രെയിൻ സ്റ്റോർമിങ് സെഷൻ നടത്തുകയുണ്ടായി. പ്രമുഖരായ നിരവധി ഗവേഷകരും പണ്ഡിതരും പങ്കെടുത്തിരുന്നു. IRIA സ്ഥാപനവുമായി ബന്ധപ്പെട്ട വിദഗ്ധ സമിതി അംഗങ്ങൾ ഇന്ത്യയിൽ 22 ഗവേഷണ സ്ഥാപനങ്ങൾ സന്ദർശിച്ച് ആശയ സ്വരൂപീകരണം നടത്തി റിപ്പോർട്ട് തയ്യാറാക്കുകയുണ്ടായി. ആയുർവേദ പഠന ഗവേഷണ കേന്ദ്രം സ്ഥാപിക്കുന്നതിനുള്ള ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. IRIA യ്ക്കു വേണ്ടി ഭൂമി കണ്ടെത്താൻ കണ്ണൂർ ജില്ലാ കളക്ടറെയാണ് ചുമതലപ്പെടുത്തിയത്. ആയതിൻ പ്രകാരം കണ്ണൂർ ജില്ലാ കളക്ടർ അറിയിച്ചതനുസരിച്ച് 36.5 ഏക്കർ സർക്കാർ ഭൂമി ഉൾപ്പെട്ട 311.76 ഏക്കർ ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| സി) | സംസ്ഥാനത്ത് എല്ലാ പഞ്ചായത്തുകളിലും ആയുർവേദ ചികിത്സ സ്ഥാപനങ്ങൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (സി) | സംസ്ഥാനത്ത് എല്ലാ പഞ്ചായത്തുകളിലും നിലവിൽ ആയുർവേദ ചികിത്സ സ്ഥാപനങ്ങൾ (സ്ഥിരം / എൻ.ആർ.എച്ച്.എം.) പ്രവർത്തിച്ചു വരുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ആയുർവേദ ചികിത്സാസ്ഥാപനങ്ങൾ (സ്ഥിരം / എൻ.ആർ.എച്ച്.എം) ഇല്ലാത്ത നാലു പഞ്ചായത്തുകളിൽ പുതിയ ഡിസ്പെൻസറികൾ ആരംഭിച്ചിട്ടുണ്ട്. |
| ഡി | ആയുർവേദത്തിന് അന്തർദേശീയ പേറ്റന്റ് സംരക്ഷണം ലഭിക്കുന്നതിനായി എന്തെല്ലാം | (ഡി) | ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലെ ടി.കെ.ഐ.കെ, പുരാരേഖകളിലും താളിയോലകളിലും മറ്റുമായി ഉൾക്കൊള്ളുന്ന |

| | | | |
|---|---|---|---|
| | നടപടികളാണ് സ്വീകരിച്ചിട്ടുളള-തെന്ന് വ്യക്തമാക്കാമോ? | | ആയുർവേദ വിജ്ഞാനം കണ്ടെത്തി ഡിജിറ്റലൈസ് ചെയ്തു ഡേറ്റാബേസിൽ ആക്കുകയും പുസ്തക രൂപത്തിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു വരുന്നു. ഫലപ്രാപ്തിയുളള ഔഷധങ്ങളെ ആധുനിക പരീക്ഷണ നീരിക്ഷണ പ്രവർത്തനങ്ങളിലൂടെ അന്താരാഷ്ട്ര ഗുണമേൻമയുള്ള ആയുർവേദ ഔഷധങ്ങളെ സൃഷ്ടിക്കുന്നതിനുളള ഗവേഷണ പ്രവർത്തനങ്ങൾ ഇവിടെ നടക്കുന്നു. ആയുർവേദ അറിവുകൾക്ക് രാജ്യാന്തരതലത്തിൽ Patent സംരക്ഷണം ലഭ്യമാക്കുന്നതിനായി ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലെ ടി.കെ.ഐ.കെ യും, CSIR - ടി.കെ.ഡി.എൽ ന്യൂഡൽഹിയുമായി ചേർന്ന് ഡേറ്റാബേസ് ബന്ധിപ്പിക്കുന്നതിനായി **Memorandum of Understanding (MOU)** ബഹു:മുഖ്യമന്ത്രിയുടെ സാന്നിധ്യത്തിൽ ഒപ്പുവെച്ചു. ഇപ്രകാരം നമ്മുടെ പാരമ്പര്യ ആയുർവേദ അറിവുകൾക്ക് ഇദംപ്രഥമമായി അന്തർദേശീയ Patent സംരക്ഷണം ലഭ്യമാക്കത്തക്ക വിധത്തിൽ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ